# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **489** | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്. ടി കേന്ദ്രസർക്കാർ നടപ്പാക്കിയതു കാരണം സംസ്ഥാനത്തിന് ഉണ്ടായ നേട്ടങ്ങൾ/കോട്ടങ്ങൾ എന്ത് എന്നു വ്യക്തമാക്കുമോ; | (എ) | 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയത്. ചരക്ക സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ജി.എസ്.ടി.യുടെ തുടക്കത്തിൽ ലഭ്യമായിട്ടില്ലെങ്കിലും പാർലമെന്റ് പാസ്സാക്കിയ കോമ്പൻസേഷൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ 2015-16 ധനകാര്യ |

| | | | |
|---|---|---|---|
| | | | വർഷത്തെ അടിസ്ഥാനമാക്കി 14% വാർഷിക വർദ്ധനവ് നിരക്കിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് നികുതി വരുമാന കുറവിനുള്ള നഷ്ട പരിഹാരം കേന്ദ്രം നൽകുന്നുണ്ട്. നികുതി ഭരണത്തിന്റെ അടിസ്ഥാന ശിലയായ ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകുന്നതിന് മുമ്പ് ജി.എസ്.ടി നടപ്പിലാക്കിയതാണ് സംസ്ഥാനം പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് ഉണ്ടാകാതിരിക്കാനുള്ള പ്രധാന കാരണം. |
| (ബി) | ജി.എസ്.ടി നടപ്പാക്കിയതുവഴി ഉപഭോക്താക്കൾ നേരിടുന്ന ഗുണങ്ങൾ/ദോഷങ്ങൾ എന്താണ് എന്ന് വെളിപ്പെടുത്താമോ ; | (ബി) | ജി.എസ്.ടി.യിലൂടെ നികുതിയ്ക്കു മേൽ നികുതി ഒഴിവായി. അന്തർ സംസ്ഥാന വാങ്ങലിനു ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്ക സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉല്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. നികുതിയ്ക്കു മേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. മാനദണ്ഡങ്ങൾ പാലിക്കാത്ത ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. താമസംവിനാ തുടർ നടപടികൾ ഉണ്ടാകുമെന്നും |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾക്ക് ജി.എസ്.ടി നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം. |
| (സി) | ജി .എസ് .ടി നടപ്പാക്കിയതുമൂലം ചരക്കുകൾ/സേവനങ്ങൾ എന്നിവയിൽ ഉപഭോക്താക്കൾക്ക് വന്നിട്ടുള്ള കുറവ്/കൂടുതൽ (ഇനംതിരിച്ച്) എന്ത് എന്ന് വ്യക്തമാക്കുമോ; | (സി) | വിവിധ മേഖലകളിൽ നിന്നുള്ള പ്രശ്നങ്ങളും നികുതി നിരക്കിനെക്കുറിച്ചുള്ള പരാതികളും പരിഗണിച്ച് ഓരോ ജി.എസ്.ടി കൗൺസിൽ മീറ്റിങ്ങുകളിലും നികുതിനിരക്ക് വ്യത്യാസപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ ജി.എസ്.ടി. ഉപഭോക്താക്കളെ എങ്ങനെ ബാധിച്ചുവെന്ന് ഇനം തിരിച്ച് വിശദമായ പഠനം നടത്താൻ സമയമായിട്ടില്ല. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജി.എസ്. ടി ഏത് തരത്തിൽ ബാധകമാകുന്നു; മരാമത്ത് പ്രവൃത്തികൾ, രജിസ്ട്രേഷൻ, ഇതര സേവനങ്ങൾ, ഇൻവോയ്സ്, ഉത്ഭവസ്ഥാനത്ത് നികുതി കിഴിക്കൽ (ടി.ഡി.എസ്), റിവേഴ്സ് ചാർജ് എന്നിങ്ങനെ വിശദാംശം വെളിപ്പെടുത്താമോ ? | (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെടെയുള്ള സർക്കാർ കരാർ പണികൾക്ക് തുടക്കത്തിൽ ഉണ്ടായിരുന്ന 18% നികുതിനിരക്ക് 12% ആയി കുറച്ചിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യങ്ങൾക്കുപയോഗിക്കുന്ന നിർമ്മാണപ്രവൃത്തികൾക്ക് തുടർന്നും 18% നികുതിനിരക്കാണ്. ജി.എസ്.ടി നടപ്പിലാകുന്നതിന് മുൻപ് ഏറ്റെടുത്ത കരാറുകൾ വാറ്റ് നിരക്കിൽ കരാറുറപ്പിച്ചതിനാൽ ആ നിരക്കിൽ നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്ന് കാണിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കരാറുകാർ പരാതി നൽകിയിരുന്നു. ആയതിനെപ്പറ്റി ഒരു സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുകയും അതിൽ കഴമ്പുണ്ടെന്നു കണ്ട ചിലതരം പ്രവർത്തികൾക്ക് കരാർ തുക പരമാവധി 5% വരെ ഉയർത്തി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സെക്ഷൻ 51 പ്രകാരമുള്ള ടി.ഡി.എസ് രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. അതിന് പാൻ നിർബന്ധമല്ല. തനതു വില്പനയുണ്ടെങ്കിൽ മാത്രം നോർമൽ രജിസ്ട്രേഷൻ എടുത്താൽ മതിയാകും. ജി.എസ്.ടി യിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ സ്ഥാപനങ്ങളായി കണക്കാക്കുന്നു. സർക്കാർ സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | മിക്കതും നികുതി വിമുക്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനതു വില്പനയ്ക്ക് സാധാരണ വ്യാപാരികളെപ്പോലെ ഇൻവോയ്സ് നൽകേണ്ടതാണ്. മാർച്ച് 31 വരെ ടി.ഡി.എസ് ബാധകമല്ല. ടി.ഡി.എസ്. നിരക്ക് 2% (1% എസ്.ജി.എസ്.ടി + 1% സി.ജി.എസ്.ടി) ആണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റിവേഴ്സ് ചാർജ്ജ് ഇല്ല. പഴയ സാധനങ്ങൾ, സ്ക്രാപ്പ് എന്നിവയുടെ വില്പനയ്ക്ക് വാങ്ങുന്നയാൾ റിവേഴ്സ് ചാർജ്ജ് അടയ്ക്കണം. |

**സെക്ഷൻ ഓഫീസർ**